**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ ഡോ. ബിന്ദു എസ്.എം. ഫയൽ ചെയ്ത OA 1141/2025-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 30/06/2025-ൽ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.98/2026/H&FWD തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:-

1. സ.ഉ.(പി).നം.3/2017/ഉ.ഭ.പ.വ തീയതി 25/02/2017
2. റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിലെ 18/06/2025-ലെ അന്തിമ സ്ഥലംമാറ്റ പട്ടിക.
3. ഡോ.ബിന്ദു എസ്.എം.-ന്റെ 26/06/2025-ലെ അപ്പീൽ അപേക്ഷ.
4. ഡോ. ബിന്ദു എസ്.എം. ഫയൽ ചെയ്ത OA 1141/2025-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 30/06/2025, 28/11/2025 തീയതികളിലെ ഇടക്കാല ഉത്തരവുകൾ.
5. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 26/06/2025, 04/07/2025 തീയതികളിലെ എഫ് 6-3363/2025 നം കത്തുകൾ.

**<u>ഉത്തരവ്</u>**

റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിലെ 2025- ലെ പൊതു സ്ഥലം മാറ്റത്തിനുള്ള അന്തിമ പട്ടികയിൽ ഉൾപ്പെടുത്തിയതിനെതിരെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ ഡോ.ബിന്ദു എസ്.എം., ഫയൽ ചെയ്ത OA No 1141/2025 - ൽ 30/06/2025- - ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവാകുകയുണ്ടായി .

*"...In the above circumstances, the 1st respondent is directed to consider and pass orders on Annexure-A11 appeal, before finalization of Annexure-A7 by the Government. Applicant shall be retained in the present station, till orders are issued on Annexure A11.*

2) കൂടാതെ ടി കേസിൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച 28/11/2025-ലെ ഇടക്കാല ഉത്തരവിൽ, ടിയാളുടെ അപ്പീലിന്മേൽ (Annexure-A11) ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കകം തീരുമാനം കൈക്കൊള്ളണമെന്നും നിർദ്ദേശിക്കുകയുമുണ്ടായി.

3)ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, ഹർജ്ജിക്കാരിയായ ഡോ.ബിന്ദു എസ്.എം.-ന്റെ പരാമർശം (3) അപ്പീൽ അപേക്ഷ (Annexure-A11) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

4)മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ റേഡിയോ തെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസ്സർ തസ്തികയിലെ 2025-ലെ പൊതു സ്ഥലംമാറ്റത്തിനായി കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ ഡോ. പ്രിയ.വി, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ ഡോ. അജിത്കുമാർ.വി.ആർ, എന്നിവരുടെ അപേക്ഷകളാണ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായത്. നിശ്ചിതസേവനകാലം പൂർത്തിയാകാത്തതിനാൽ ഡോ. അജിത്കുമാർ .വി.ആർ.-ന്റെ അപേക്ഷ പരിഗണിക്കുകയുണ്ടായില്ല. എന്നാൽ സ്ഥലംമാറ്റത്തിനുള്ള സേവനകാലം പൂർത്തിയാക്കിയ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ ഡോ.പ്രിയ വി., ഹോം സ്റ്റേഷനായ തിരുവനന്തപുരത്തേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത മെഡിക്കൽ കോളേജിലെ റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസ്സറായ ബിന്ദു .എസ്.എം-നെ ഉൾപ്പെടുത്തി ഡ്രാഫ്റ്റ് ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നിശ്ചിത സേവനകാലം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ സ്ഥലംമാറ്റത്തിനുള്ള കരട് ലിസ്റ്റിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഡോ ബിന്ദു .എസ്.എം., മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ടിയാളുടെ അപേക്ഷ പരിഗണിക്കാതെ അന്തിമലിസ്റ്റ് 18.06.2025-ൽ പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ഡോ ബിന്ദു .എസ്.എം., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA No 1141/2025 ഫയൽ ചെയ്യുകയും, ബഹു.ട്രിബ്യൂണൽ പുറപ്പെടുവിച്ച 30.06.2025-ലെ ഇടക്കാല ഉത്തരവിൽ, ടിയാളുടെ അപ്പീൽ അപേക്ഷയിൽ തീരുമാനം കൈക്കൊള്ളും വരെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ തുടരുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു.

5)മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 30.04.2025- ലെ E1/679/2025/DME നമ്പർ വിജ്ഞാപനപ്രകാരമാണ് 2025-ലെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുകയുണ്ടായത്. പ്രസ്തുത വിജ്ഞാപനത്തിൽ 31.05.2025 വരെയുള്ള സേവനകാലയളവ് കണക്കാക്കിയായിരിക്കും സേവന കാലയളവ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കിയിരുന്നു. ഡോ ബിന്ദു.എസ്.എം സമർപ്പിച്ച അപ്പീലിൽ (Annexure-A11), പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം, 31.05.2025 ന് നിലവിലുള്ള സ്റ്റേഷനിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയവർ മാത്രമേ ജനറൽ ട്രാൻസ്ഫറിന് അർഹതയുള്ളൂ എന്നും, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ നിന്ന് 02.06.2022-ന് റിലീവ് ആകുകയും, 03.06.2022-ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പ്രവേശിക്കുകയും ചെയ്തതിനാൽ 03.06.2025-ന് മാത്രമേ ടിയാൾക്ക് 3 വർഷത്തെ സേവനം പൂർത്തിയാകുകയുള്ളു എന്നും, അതിനാൽ, പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം ഈ വർഷത്തെ പൊതുസ്ഥലമാറ്റത്തിൽ ടിയാൾ ഉൾപ്പെടുന്നില്ലെന്നും ബോധിപ്പിക്കുകയുണ്ടായി. കൂടാതെ വാർദ്ധക്യസഹജമായ അസുഖങ്ങൾ നേരിടുന്ന പിതാവിനെ പരിചരിക്കുന്നതിനായി ടിയാളുടെ സാമീപ്യം അത്യാവശ്യമാണെന്നും അതുകൊണ്ട് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ തന്നെ തുടരുന്നതിന് അനുവദിക്കണമെന്നും ടിയാൾ

അഭ്യർത്ഥിച്ചിരുന്നു.

6) ഈ വിഷയത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ റേഡിയോ തെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിലെ 2025 പൊതുസ്ഥലമാറ്റത്തിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ച്, പൊതു സ്ഥലമാറ്റത്തിന് യോഗ്യത പൂർത്തിയാക്കിയിട്ടുള്ള (മൂന്ന് വർഷം പൂർത്തിയാക്കിയിട്ടുള്ള) കോട്ടയം മെഡിക്കൽ കോളേജിൽ ജോലി നോക്കുന്ന ഡോ. പ്രീയ .വി, തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നതിനാൽ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒരു അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിൽ 03.06.2022 തീയതി മുതൽ ജോലി നോക്കുന്ന പൊതുസ്ഥലം മാറ്റ മാനദണ്ഡ പ്രകാരം, നിലവിലെ സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാകുന്നതിന് രണ്ട് ദിവസം കുറവുണ്ടായിരുന്ന ഡോ. ബിന്ദു.എസ്.എം-നെ, കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലേയ്ക്കും ഡോ. പ്രിയ.വി.- യെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലേയ്ക്കും പരസ്പരം സ്ഥലംമാറ്റി കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിന്നുവെന്നും, ആയതിന്മേൽ ഡോ.ബിന്ദു.എസ്.എം. പരാതി സമർപ്പിച്ചിരുന്നുവെങ്കിലും ഒരു സ്റ്റേഷനിൽ ജോലിയിൽ പ്രവേശിച്ചതിൽ രണ്ട് ദിവസത്തെ കുറവ് എന്ന പ്രസ്തുത പരാതി പരിഗണിക്കേണ്ടതില്ല എന്ന നിർദേശമനുസരിച്ച് ടിയാളുടെ പരാതി പരിഗണിയ്ക്കാതെ മെഡിക്കൽ വിദ്യ.ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, ആയതിന്റെ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചതെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

7) പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിച്ച് പുറപ്പെടുവിച്ച 30.04.2025-ലെ വിജ്ഞാപനത്തിൽ 31.05.2025 വരെയുള്ള സേവനകാലയളവ് കണക്കാക്കിയായിരിക്കും സേവന കാലയളവ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കിയിരുന്ന സാഹചര്യത്തിൽ 03.06.2025 - തീയതിയിൽ മാത്രം നിശ്ചിത സേവന കാലയളവ് പൂർത്തിയാക്കിയ ഡോ ബിന്ദു .എസ്.എം -നെ പൊതു സ്ഥലം മാറ്റത്തിൽ ഉൾപ്പെടുത്തിയ നടപടി ക്രമപ്രകാരമല്ലെന്നു കാണുന്നു. പൊതു സ്ഥലമാറ്റത്തിന് യോഗ്യത പൂർത്തിയാക്കിയിട്ടുള്ള (മൂന്ന് വർഷം പൂർത്തിയാക്കിയിട്ടുള്ള) ഡോക്ടറുടെ അപേക്ഷ പരിഗണിക്കേണ്ടതാണെങ്കിലും പകരം സ്ഥലം മാറ്റേണ്ട ഡോക്ടർ പ്രസ്തുത തസ്തികയിൽ ചട്ടപ്രകാരമുള്ള സേവനകാലം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന കാര്യം കൂടി പരിഗണിക്കേണ്ടതുണ്ട്. മാത്രമല്ല ഡോ. ബിന്ദു .എസ്.എം -ന്റെ ഭർത്താവ് പ്രവാസി ആയതിനാൽ പരാമർശം (1) ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രത്യേക മുൻഗണന ലഭിക്കേണ്ട വിഭാഗത്തിൽ ടിയാൾ ഉൾപ്പെടുമെന്നും കാണുന്നു. കൂടാതെ റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസ്സർ തസ്തികയിലെ 2025- ലെ പൊതു സ്ഥലം മാറ്റത്തിനുള്ള അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ട ഡോ പ്രീയ .വി., ഡോ. ബിന്ദു എസ്. എം. എന്നിവരുടെ SPARK പ്രകാരമുള്ള സേവന വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ഡോ.ബിന്ദു എസ്. എം -ന് ഔട്ട് സ്റ്റേഷൻ സർവീസ് കൂടുതലുള്ളതായും വ്യക്തമാകുകയുണ്ടായി .

8) ഈ സാഹചര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ റേഡിയോ തെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിലെ 2025 -ലെ പൊതുസ്ഥലം മാറ്റത്തിനെതിരെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ ഡോ. ബിന്ദു .എസ്.എം. സമർപ്പിച്ച അപ്പീൽ (Annexure-A 11) അനുവദിച്ചും, ടിയാളെ

പ്രസ്തുത മെഡിക്കൽ കോളേജിൽ തന്നെ തുടരാൻ അനുവദിച്ചും സർക്കാർ ഉത്തരവാകുന്നു.

9) OA No 1141/2025- ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 30/06/2025-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുരളീധരൻ ചെട്ടിയാർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ് ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം / കോട്ടയം
ഡോ.ബിന്ദു .എസ്.എം., അസോഷ്യേറ്റ് പ്രൊഫസർ, റേഡിയോതെറാപ്പി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം (ഡി എം ഇ മുഖേന)
ഡോ.പ്രീയ വി.,അസോഷ്യേറ്റ് പ്രൊഫസർ, റേഡിയോതെറാപ്പി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം (ഡി എം ഇ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (S1/136/2025/Health)

ഉത്തരവിൻ പ്രകാരം

Signed by Sajikumar. K
Date: 07-01-2026 20:53:30
സെക്ഷൻ ഓഫീസർ